©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2020 സെപ്റ്റംബർ 11<br>11th September 2020<br>1196 ചിങ്ങം 26<br>26th Chingam 1196<br>1942 ഭാദ്രം 20<br>20th Bhadra 1942 | നമ്പർ<br>No. 2045 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (അ) നമ്പർ 52/2020/തസ്വഭവ.** *തിരുവനന്തപുരം, 2020 സെപ്റ്റംബർ 8*
**എസ്. ആർ. ഒ. നമ്പർ 574/2020** *1196 ചിങ്ങം 23.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 233-ാം വകുപ്പ്, (2)-ഉം (5)-ഉം ഉപവകുപ്പുകൾ പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2011 ജനുവരി 14-ാം തീയതിയിലെ സ.ഉ.(അ) നമ്പർ 17/2011/തസ്വഭവ. എന്ന നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും 2011 ജനുവരി 14-ാം തീയതിയിലെ 79-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 34/2011 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഇതിനാൽ ഭേദഗതി ചെയ്യുന്നു, അതായത്:

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിന്റെ പട്ടികയിൽ, ക്രമ നമ്പർ 1-നും അതിനു നേരെയുള്ള (2)-ഉം (3)-ഉം (4)-ഉം (5)-ഉം (6)-ഉം കോളങ്ങളിലുള്ള ഉൾക്കുറിപ്പുകൾക്കും ശേഷം, താഴെ പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:

| | | | | | |
|---|---|---|---|---|---|
| "1എ | റെസിഡൻഷ്യൽ ഹോം സ്റ്റേ | 15 | 35 | 15 | 35" |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ശാരദ മുരളീധരൻ
പ്രിൻസിപ്പൽ സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 233-ാം വകുപ്പ് (2)-ഉം (5)-ഉം ഉപവകുപ്പുകൾ പ്രകാരം, മുനിസിപ്പൽ കൗൺസിലുകളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തുന്നതിലേക്കായി, അവയുടെ ഉപയോഗ ക്രമത്തിനനുസരിച്ച്, ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും ഏറ്റവും കൂടിയതുമായ പരിധികളും, അവ പ്രാബല്യത്തിൽ വരുന്ന തീയതിയും 2011 ജനുവരി 14-ാം തീയതിയിലെ സ.ഉ.(അ)നമ്പർ 17/2011/തസ്വഭവ. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2011 ജനുവരി 14-ാം തീയതിയിലെ 79-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 34/2011 ആയി പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ വിജ്ഞാപനപ്രകാരം സർക്കാർ നിശ്ചയിച്ചിരുന്നു. താമസിക്കുന്ന വീടിനോടൊപ്പമുള്ള മുറികളിൽ ടൂറിസ്റ്റുകൾക്ക് താമസ സൗകര്യം നൽകുന്ന കെട്ടിടങ്ങളെ റെസിഡൻഷ്യൽ ഹോം സ്റ്റേ എന്ന പുതിയ വിഭാഗത്തിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാർ തീരുമാനിച്ചു. ഇത്തരത്തിലുള്ള കെട്ടിടങ്ങളിലെ റെസിഡൻഷ്യൽ ഹോം സ്റ്റേ ഒഴികെയുള്ള ഭാഗത്തിന് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കുകൾ ബാധകമാകുന്നതാണ്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.09.11 01:37:34 +05:30